# <u>ഗുൽമോഹർച്ചോട്ടിലെ വെണ്ണിലാവ്</u>

- കാട്ടൂർ മുരളി

കാക്കക്കൂട്ടത്തെപ്പോലെ കാറിക്കരയുന്ന ടെലിപ്രിന്ററിൽനിന്നും വാർന്നുവീഴുന്ന വാർത്തകൾ അരിച്ചുപെറുക്കിയെടുക്കുമ്പോൾ വയറ്റിൽ തീ ആളിപ്പടരുന്നുണ്ടായിരുന്നു. അപ്പോഴാണ് എതിരെയുള്ള ഭിത്തിയിലെ ക്ളോക്കിൽ നോക്കാൻ തോന്നിയത്.

സമയം പത്തേകാൽ. ഇനിയും വൈകിയാൽ രാം അവ്താർ മിശ്രയുടെ ഡാൽചാവലിലെ ഡാലിൽ വെള്ളം കൂടുമെന്ന ബോധോദയത്തിൽ ചാടിയെണീറ്റ് മിത്തൽ ടവറിനു മുന്നിലെ തട്ടുകട ലക്ഷ്യമാക്കി നടന്നു. പതിവുചര്യയാണത്. ഒന്ന് നടുവ് നിവർത്തുകയെന്ന മറ്റൊരു ലക്ഷ്യംകൂടി ആ പോക്കിനുണ്ട്.

“വസന്തം വരികയും പോവുകയും ചെയ്യും, ആ വസന്തത്തെ സ്വന്തമാക്കാൻ അംബാനിക്കോ ടാറ്റാ ബിർളമാർക്കോ കഴിയുമോ?” എന്ന് ഒരിക്കലൊരു ഫക്കീർ, ജഹാംഗീർ ആർട്ട് ഗ്യാലറിക്കടുത്തുള്ള മരച്ചോട്ടിലിരുന്ന് ചരസിന്റെ ഓളത്തിൽ സ്വയം ചോദിച്ച ചോദ്യം ഓർമ്മിപ്പിച്ചുകൊണ്ട് നഗരത്തിലെ മുഴുവൻ ഗുൽമോഹർ മരങ്ങളും ഒന്നിച്ചു പൂത്ത് കനൽ ചൂടിനിന്ന മെയ്മാസമായിരുന്നു അത്.

തട്ടുകടയിലേക്കുള്ള പോക്കിനിടയിൽ ബജാജ് ഭവന് മുന്നിലെ ഗുൽമോഹർ ചോട്ടിൽ ഒരു നിലാവെട്ടംപോലെ  അവളെയും കൂടെയുള്ള ആ പത്തുവയസുകാരൻ പയ്യനെയും എന്നും കാണാറുണ്ടെങ്കിലും ആദ്യമൊന്നും അവരെ ശ്രദ്ധിച്ചിരുന്നില്ല.

എന്നാൽ അന്നത്തെ പോക്കിൽ ഗുൽമോഹർ ചോട്ടിലെ ഒരു ബഹളം എന്നെ പിടിച്ചു നിർത്തി. മധ്യവയസ്കനും ആജാനുബാഹുവുമായ ഒരു സർദാർജിയാണ് ബഹളം വെച്ചിരുന്നത്.  നീല നിറത്തിലുള്ള അയഞ്ഞ കുർത്തയും പൈജാമയും ചുവന്ന പഗ്ഡിയും ധരിച്ച അയാൾ മദ്യപിച്ചിട്ടുണ്ടായിരുന്നു.

"ഓയ് പേൺചോദ്....... മുജേ മേരേ പൈസേ വാപസ് ലൗട്ടാദോ."

അവളോടൊപ്പമുള്ള പയ്യനോടുമായിരുന്നു സർദാർജിയുടെ ആക്രോശം. അവളെ കൂട്ടിക്കൊണ്ടുപോയശേഷം അവൾ സഹകരിച്ചില്ലെന്നാരോപിച്ച് പണം തിരികെ ചോദിച്ചാണ് അയാൾ ബഹളം വെച്ചിരുന്നത്. അപ്പോഴേക്കും അവിടെ തടിച്ചുകൂടിയ ചിലർ ഇടപെട്ട് പ്രശ്നം പരിഹരിച്ചതിനാൽ നിലത്തുറക്കാത്ത ചുവടുകളോടെ സർദാർജി മറൈൻഡ്രൈവ് ദിശയിലേക്ക് പോവുകയും ചെയ്തു.

പകൽനേരങ്ങളിൽ നരിമാൻപോയിന്റിലെ മണിമാളികകളിലെ ലാവണങ്ങളിൽ തൊഴിലിനും മറ്റുമായെത്തുന്നവർ തീർക്കുന്ന തിരക്കും വെട്ടവും ഒഴിഞ്ഞാൽ നഗരത്തിന്റെ ഇതര ഭാഗങ്ങളെ അപേക്ഷിച്ച് പറയത്തക്ക ചലനങ്ങളൊന്നുമില്ലാതെ തികച്ചും നിശബ്ദവും നിശ്ചലവുമായ അവിടത്തെ രാവുകളെ സജീവമാക്കുന്നത് ജംനാലാൽ ബജാജ് റോഡിന്റെയും എൻ.സി.പി.എ. റോഡിന്റെയും സംഗമസ്ഥാനമായ നാൽക്കവലയിൽ നിത്യവും അരങ്ങേറാറുള്ള മേളയാണ്.

ആ മേളയിലെത്തുന്ന വരേണ്യവർഗ്ഗക്കാരും വിദേശികളുമായ സന്ദർശകരെ ആകർഷിച്ച് അവരോടൊപ്പംപോയി അന്നന്നത്തെ വയറ്റുപിഴപ്പിനായി എന്തെങ്കിലും നേടാൻ വേണ്ടിയാണ്, ഛത്രപതി ശിവാജി ടെർമിനസിലേക്കുള്ള അവസാനത്തെ ഡബിൾഡെക്കറും പോയിക്കഴിയുന്നതോടെ കുളിച്ച് കുറിതൊട്ട് സർവ്വാഭരണ വിഭൂഷിതയായി ചാന്ദ്നി എന്ന അവൾ, അൽതാഫ് എന്ന ആ പയ്യനോടൊപ്പം  ഗുൽമോഹർച്ചോട്ടിൽ എന്നും എത്താറ്. അവൾക്കു തുണയായി എത്തുന്നതോടൊപ്പം അവൾക്കുവേണ്ടി സന്ദർശകരോട് വിലപേശിയിരുന്നതും അവൾക്ക് ലഭിച്ചിരുന്ന സമ്പാദ്യം എണ്ണി തിട്ടപ്പെടുത്തി സൂക്ഷിച്ചിരുന്നതും അവനായിരുന്നു.

മേളയിലെത്തുന്നവരെ ആഹ്ളാദിപ്പിക്കാൻവേണ്ടി മറ്റുപല വിനോദോപാധികളും അവിടെ വേറെ ഉണ്ടെന്നാലും മേളയിലെ പ്രധാന ആകർഷണം വാസ്തവത്തിൽ ചാന്ദ്നിതന്നെയാണ്. അവൾ അവിടെ എത്തിക്കഴിഞ്ഞാൽ പിന്നെ എല്ലാ കണ്ണുകളും അവളിലേക്കായിരിക്കും. അവളാകട്ടെ, ആരെയും ശ്രദ്ധിക്കാത്ത മട്ടിൽ, എന്നാൽ ഇടയ്ക്കിടെ നാലുപാടും ഏറുകണ്ണിട്ടു നോക്കിക്കൊണ്ട്  നിലയുറപ്പിക്കും.

ചാന്ദ്നിയുടെ സന്ദർശകരായി ആരെങ്കിലും എത്തുന്നതും കാത്ത് അവളോട് ചേർന്ന് അൽത്താഫും  നിൽക്കും. ആ നിൽപ്പിൽ മേളയിലെ ആവർത്തനവിരസങ്ങളായ കാഴ്ചകളൊന്നും അവർ രണ്ടുപേരെയും സ്വാധീനിക്കാറില്ല. അതിനാൽ എന്തെങ്കിലും ചവച്ച് ഒരുതരം നിസംഗതയോടെ അവളും, കുട്ടിത്തം വിട്ടുമാറാത്ത അവനാണെങ്കിൽ

എവിടെനിന്നെങ്കിലും സംഘടിപ്പിച്ച ബലൂൺ ഊതി വീർപ്പിച്ചോ അതുമല്ലെങ്കിൽ കീശയിൽ കൊണ്ടുവരാറുള്ള പ്ലാസ്റ്റിക്ബോൾ ഗുൽമോഹർ മരത്തിലേക്കെറിഞ്ഞും പിടിച്ചും കളിച്ചുകൊണ്ടു നിൽക്കും. അന്നേരം മേളയിലെത്തിയവരുടെ വസ്ത്രങ്ങളിൽ നിന്നുതിരുന്ന വിവിധതരം പെർഫ്യൂം സുഗന്ധങ്ങളെ മറികടന്ന് എതിർവശത്തെ ഫുട്ട് പാത്തിൽ കനലിൽ ചുട്ടെടുക്കുന്ന സീക്ക് കബാബിന്റെയും മെഷിനിൽ പൊരിക്കുന്ന പോപ്പ്കോണിന്റെയും രൂക്ഷമായ പുകമണം അവിടെയെങ്ങും പടരാൻ തുടങ്ങും.
ആ പുകമണം ചാന്ദ്നിക്കും അൽത്താഫിനും മാത്രമല്ല,
ആ പ്രദേശത്തുള്ളവർക്കെല്ലാം അസഹ്യമായിരിക്കും.
അതിനിടയിലാണ് സർദാർജി അവിടെ എത്തിയതും വിലപേശി അവളെ കൂട്ടിക്കൊണ്ടുപോയതും പിന്നീട് അവൾ സഹകരിക്കുന്നില്ലെന്നുപറഞ്ഞ് പണം തിരിച്ചു ചോദിച്ച് ബഹളമുണ്ടാക്കിയതും.

കണ്ടാൽ ഒരു മുരടനെന്നു തോന്നിക്കുന്ന ആ സർദാർജിയുടെകൂടെ ചാന്ദ്നിയെ പറഞ്ഞുവിടാൻ അൽത്താഫ് ആദ്യം വിസമ്മതിച്ചതാണ്. ഏറെ കാത്തുനിന്നിട്ടും അതുവരെ സന്ദർശകരാരും എത്താതിരുന്ന തിനാലാണ് അയാളുടെകൂടെ അവളെ  പറഞ്ഞയച്ചത്.
അയാൾ മദ്യപിച്ചിരുന്ന കാര്യം അപ്പോൾ അവനറിയില്ലായിരുന്നു. വാസ്തവത്തിൽ ചാന്ദ്നിക്കും ആ സർദാർജിയോടൊപ്പം പോകാൻ താത്പര്യമില്ലായിരുന്നുവെന്ന് അവളുടെ നില്പിൽനിന്നും അയാൾക്കു നേരെയുള്ള അവളുടെ നോട്ടത്തിൽനിന്നും മനസ്സിലാക്കാൻ കഴിയുമായിരുന്നു.

ആ സംഭവത്തോടെ മാത്രമാണ് ചാന്ദ്നിയെയും അൽത്താഫിനെയും ഏറ്റവും അടുത്തുനിന്നു കാണാനും ശ്രദ്ധിക്കാനും അവരുടെ പേരുകൾ മനസ്സിലാക്കാനും എനിക്കവസരം ലഭിച്ചത്. അതിനുശേഷം എനിക്കവരോട്, പ്രത്യേകിച്ചും ചാന്ദ്നിയോട്, എന്തെന്നില്ലാത്ത ഒരു അടുപ്പം തോന്നി. ഞാനറിയാതെത്തന്നെ അതൊരുതരം ആരാധനയായി മാറിയതും വളരെ പെട്ടെന്നായിരുന്നു, ലൗ അറ്റ് ഫസ്റ്റ് സൈറ്റ് എന്നൊക്കെ പറയുമ്പോലെ.

അതിനെന്നെ പ്രേരിപ്പിച്ചത് അവളുടെ പേരുപോലെത്തന്നെ വെണ്മയാർന്ന അവളുടെ ഉടലിന്റെ രൂപലാവണ്യങ്ങൾ മാത്രമായിരുന്നില്ല. മറിച്ച് അവളുടെ മുഖഭാവങ്ങൾക്കും പ്രത്യേകിച്ച്, ആ കണ്ണുകൾക്കും അതിൽ പങ്കുണ്ട്. അതുകൊണ്ടുതന്നെ ഡാൽചാവൽ വാങ്ങാനുള്ള പോക്കുവരവിനിടയിൽ ഗുൽമോഹർ ചോട്ടിൽ സന്ദർശകരെയും കാത്തുനിൽക്കുന്ന ചാന്ദ്നിയുടെ സൗന്ദര്യം ആസ്വദിച്ച് കുറച്ചുനേരമെങ്കിലും നിൽക്കുന്നത് എന്റെയൊരു

ബലഹീനതയോ സ്വകാര്യ ശീലമോ ആയി മാറിയത് ഞാൻ തന്നെ അറിഞ്ഞില്ല.

അത് പതിവായപ്പോൾ ഇടക്കൊക്കെ അവൾ എന്നെയും ശ്രദ്ധിക്കാൻ തുടങ്ങി. ഒരുപക്ഷേ, മേളയിലെത്തുന്ന വരേണ്യവർഗ്ഗക്കാർ ക്കിടയിലൂടെ കടന്നുപോകാറുള്ള എന്റെ പ്രത്യേക വേഷമായിരിക്കാം അവൾക്കെന്നെ അങ്ങനെ നോക്കാൻ പ്രേരണയായത്. കാരണം, സന്ധ്യയോടെ പത്രമാപ്പീസിൽ എത്തിക്കഴിഞ്ഞാൽ പിന്നെ വാർത്തകൾ എഴുതിത്തീരുംവരെ പാന്റ്സും ഷൂസും അഴിച്ചുവെച്ച് ഷർട്ടും കൈലിയുമായിരുന്നു എന്റെ വേഷം. ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി എ.സി.യുടെ ഉപയോഗത്തിൽ നിരോധനവും പങ്കയുടെ റെഗുലേറ്ററിൽ നിയന്ത്രണവും മാനേജ്മെന്റ് കർശനമാക്കി യതിനാൽ ചൂട് സഹിക്കാൻ വയ്യാതെയാണ് അങ്ങനെ ചെയ്തിരുന്നത്. അതേവേഷത്തിൽതന്നെയാണ് രാം അവ്താർ മിശ്രയുടെ തട്ടുകടയിൽ ഡാൽചാവൽ വാങ്ങാനും പോയിരുന്നത്.

ഇങ്ങനെ നിത്യവുമുള്ള ആ പോക്കിൽ അല്പം മാറിയാണെങ്കിലും ചാന്ദ്നിയെ നോക്കിയുള്ള എന്റെ നിൽപ്പ് മേളസ്ഥലത്തെ സ്ഥിരം കച്ചവടക്കാരിൽ ചിലരെങ്കിലും വീക്ഷിക്കാൻ  തുടങ്ങി. അപ്പോഴൊക്കെ നടൻ ശ്രീനിവാസന്റെ ചില കഥാപാത്രങ്ങളെപ്പോലെ, ഒരുതരം ചമ്മലോടും പരുങ്ങലോടും ഒന്നുമറിയാത്ത മട്ടിൽ അവിടെനിന്ന് മാറി, മറ്റു പല ഭാഗങ്ങളിലുംനിന്നുകൊണ്ട് ആരുടേയും ശ്രദ്ധയിൽ പെടാതെ അവളെ നോക്കിക്കാണുന്ന പതിവ് തുടർന്നു.

ചാന്ദ്നിയുടെ സൗന്ദര്യത്തെക്കുറിച്ച് വർണ്ണിക്കാൻ വെറുമൊരു പത്രപ്രവർത്തകനായ എന്നിലെ വാക്ചാതുര്യം അപര്യാപ്തമാണെങ്കിലും സഹപ്രവർത്തകരോട് അവളെക്കുറിച്ച് വാചാലനാകുമ്പോൾ ഞാനൊരു കവിയോ ഷായറോ ആയിത്തീരാറുണ്ട്. വാസ്തവത്തിൽ സ്വാഭാവിക സൗന്ദര്യത്തിന്റെ പ്രതീകമായ അവൾക്ക് ഏതെങ്കിലും തരത്തിലുള്ള ആലഭാരങ്ങളുടെ ആവശ്യമില്ലെന്നു മാത്രമാണ് എന്റെ കണ്ടെത്തൽ. എന്നാൽ കെട്ടുകാഴ്ചകൾക്കുള്ളിലെ യാഥാർഥ്യം കാണാനും തിരിച്ചറിയാനും മനസ്സില്ലാത്ത  ഈ നഗരത്തിൽ അവളുടെ അതിജീവനത്തിന് അതെല്ലാം അനിവാര്യമാണുതാനും.

ആഹ്ളാദമോ വിഷാദമോ എന്നു നിരൂപിച്ചെടുക്കാനോ അപഗ്രഥിക്കാനോ കഴിയാത്ത അവളുടെ മുഖഭാവവും കണ്ണുകളും കാണുമ്പോഴൊക്കെ ഡാവിഞ്ചിയുടെ മോണാലിസയെയാണ് ഞാൻ ഓർക്കാറ്. ചില കോണുകളിൽനിന്ന് നോക്കുമ്പോൾ പാക്കീസയിലെ മീനാകുമാരിയെയും ഓർമ്മ വരാറുണ്ട്. അങ്ങനെയുള്ള ചാന്ദ്നി ബജാജ് ഭവനിലെ ആർട്ട് ഗ്യാലറിയിൽ എത്താറുള്ള കലാകാരന്മാരുടെയോ

കലോപാസകരുടെയോ കണ്ണിൽ എന്തുകൊണ്ട് പെട്ടില്ല എന്നും ഞാൻ വിസ്മയം കൊള്ളാറുണ്ട്.

ചാന്ദ്നിയോടുള്ള എന്റെ കമ്പം ഓരോ ദിവസം ചെല്ലുംതോറും ഏറിവരികയായിരുന്നു. ആ കമ്പത്തോടൊപ്പം രാവിന്റെ മൂന്നാംയാമംവരെ ഉറക്കമിളച്ച് കഴിയേണ്ടിവരുന്ന അവളുടെ വിധിയെച്ചൊല്ലിയുള്ള സഹതാപവും എന്നെ അസ്വസ്ഥനാക്കി. എന്നെങ്കിലും ഒരുദിവസം അവളെ സ്വന്തമാക്കി ആ തൊഴിലിൽനിന്നും അവൾക്കൊരു മോചനം നല്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നുപോലും ഞാൻ ആശിച്ചു. എളുപ്പമല്ലെങ്കിലും അതിനുള്ള മാർഗ്ഗങ്ങൾ തേടി അലയാറുള്ള എന്റെ ചിന്തകളിൽ പക്ഷേ ഒരു വഴിയും തെളിയാറില്ല.

പിന്നീടൊരു ശനിയാഴ്ച്ച ദിവസം. അന്ന് നരിമാൻ പോയിന്റിലെ ഓഫീസുകളെല്ലാം ആറുമണിക്കുമുമ്പെ ശൂന്യമായി. അവിടത്തെ റോഡുകളും. അതിനാൽത്തന്നെ രാത്രിമേളക്കാർ പതിവിലും നേരത്തേ റോഡുകൾ കയ്യടക്കിയിരുന്നു. കുറെ നാളുകളായി നരിമാൻപോയിന്റിലെ രാത്രിമേളയുടെ പശ്ചാത്തലത്തിൽ ചാന്ദ്നിയുടെയും അവളുടെ രക്ഷകനായ അൽത്താഫിന്റെയും ജീവിതം പ്രതീകമാക്കി വാരാന്തപ്പതിപ്പിലേക്കൊരു ഫീച്ചർ തയ്യാറാക്കിയാലോ എന്ന ആലോചനയിലായിരുന്ന ഞാനും അന്ന് ഡാൽചാവൽ വാങ്ങാനായി അല്പം നേരത്തേയിറങ്ങി.

മറൈൻഡ്രൈവ് കടലിൽനിന്നും എൻ.സി.പി.എ.ക്കും ട്രൈഡന്റ് ഹോട്ടലിനും ഇടയിലൂടെ എവിടെയൊക്കെയോ തട്ടിത്തടഞ്ഞുകൊണ്ടെ ത്തിയിരുന്ന വരണ്ട ഉപ്പുകാറ്റിലുലഞ്ഞു നിൽക്കുന്ന ബജാജ് ഭവന് മുന്നിലെ ഗുൽമോഹർച്ചോട്ടിലേക്ക് അകലെനിന്നുതന്നെ എന്റെ ദൃഷ്ടികൾ പാഞ്ഞു. ചാന്ദ്നി അവിടെത്തന്നെ നില്പുണ്ട്. അവൾക്കുവേണ്ടി അൽത്താഫിനോട് വിലപേശിക്കൊണ്ട് ഒരു വെള്ളക്കാരൻ സായിപ്പും.

നേർത്ത വെള്ള കുർത്തയും വെള്ള പൈജാമയും കഴുത്തിൽ ഒരു ക്രിസ്റ്റൽ മാലയും ധരിച്ച്, അസാധാരണമായ പൊക്കവും സ്വർണ്ണനിറമുള്ള നീണ്ട ചെമ്പൻ തലമുടികളും താടിയുമായി, വയോധികനാണെങ്കിലും പ്രായത്തെ തോൽപ്പിക്കുന്ന ഊർജ്ജസ്വലതയുമുള്ള ആ സായിപ്പിന് ഒരു ദിവ്യന്റെ പരിവേഷമുണ്ടായിരുന്നു. ഒറ്റയാനായ അയാൾ ഒരു നേരമ്പോക്കിനുവേണ്ടി നരിമാൻപോയിന്റിലെ ട്രൈഡന്റ് ഹോട്ടലിൽനിന്നും ഇറങ്ങിവന്നതായിരിക്കാം.

സായിപ്പ് ചിരിച്ചുകൊണ്ട് എന്തൊക്കെയോ അൽത്താഫിനോട് ഇംഗ്ളീഷിൽ ചോദിക്കുന്നുണ്ടായിരുന്നു. മുഴുവനും മനസ്സിലായില്ലെങ്കിലും സായിപ്പിന്റെ ചോദ്യങ്ങൾക്കവൻ ഹിന്ദിയിൽ മറുപടി നൽകി. അതിനിടയിൽ സായിപ്പ് ചാന്ദ്നിയെ തൊടുകയും തലോടാൻ ശ്രമിക്കുകയുമൊക്കെ ചെയ്യുന്നുണ്ടായിരുന്നു. അവളതിൽ പ്രതിഷേധമൊന്നും പ്രകടിപ്പിച്ചില്ല. അതും തന്റെ തൊഴിലിന്റെ ഭാഗമായുള്ള സഹനങ്ങളിൽ ചിലതാണല്ലോ എന്നവൾ കരുതിക്കാണും. ഒടുവിൽ സായിപ്പ് നൽകിയ പണം എണ്ണിവാങ്ങിയ അൽത്താഫ് അവളെ അയാളോടൊപ്പം പറഞ്ഞയക്കാൻ തയ്യാറായി. അതിനുമുമ്പ് അവൻ അവളുടെ കാതിൽ എന്തോ പറഞ്ഞു. പ്രതികരണമായി അവളൊന്ന് തലയാട്ടിയെന്നു തോന്നുന്നു.

ഇത്രയും നാൾ ചാന്ദ്നിയുടെ നിശ്ചലഭാവങ്ങൾ മാത്രംകണ്ട് ആകൃഷ്ടനായ ഞാൻ അവളുടെ നടത്തം അല്ലെങ്കിൽ ചലനസൗന്ദര്യം എങ്ങനെയിരിക്കുമെന്ന് അതുവരെ കണ്ടിരുന്നില്ല. അതിനാൽ അവളുടെ ചലനസൗന്ദര്യം നേരിട്ട് കാണാനുള്ള ഔൽസുക്യത്തിൽ ഞാൻ അവിടെത്തന്നെ നിന്നു. അങ്ങനെ നിമിഷങ്ങൾക്കകം ഗുൽമോഹർ ച്ചോട്ടിൽനിന്നും സായിപ്പിനെയുംകൊണ്ട് എൻ.സി.പി. എ. റോഡ് വഴി മറൈൻഡ്രൈവ് ദിശയിലേക്ക് പോകാനായി ആദ്യചുവടുവെച്ച ചാന്ദ്നിയെ എനിക്ക് ഒന്നേ നോക്കാൻ കഴിഞ്ഞുള്ളു. അപ്പോഴേക്കും എന്റെ കണ്ണുകളിൽ മിന്നിയ അവിശ്വസനീയതയുടെ ഒരു കൊള്ളിയാൻ എന്റെ കാഴ്ച ധൂസരമാക്കി. അതിനാൽ സുന്ദരിയായ ചാന്ദ്നി തന്റെ മുടന്തുകാലിൽ നടന്നകലുന്ന തുടർന്നുള്ള കാഴ്ച കാണാൻ എനിക്ക് കഴിഞ്ഞില്ല.

ചാന്ദ്നിയും സായിപ്പും കാണാമറയത്തായശേഷം ഞാൻ അൽത്താഫിനു നേരെ തിരിഞ്ഞു. അവനപ്പോൾ ചാന്ദ്നിക്ക് നല്ലൊരു സന്ദർശകനെ കിട്ടിയ സന്തോഷത്തിൽ നിലത്തുനിന്നും കൈക്കുടന്നയിൽ വാരിയെടുത്ത കുറെ ഗുൽമോഹർ പൂക്കൾ മേലോട്ടെറിഞ്ഞ് പൂമഴ തീർത്ത് രസിക്കുകയായിരുന്നു.

"കാലിനു സുഖമില്ലാത്ത ചാന്ദ്നിയെ ഇത്തരത്തിൽ പീഡിപ്പിക്കുന്നത് ശിക്ഷാർഹമായ ഒരു കുറ്റകൃത്യമാണെന്ന് അറിയാമോ നിനക്ക്?"

എന്നിൽനിന്നും പ്രതീക്ഷിക്കാത്ത ആ ചോദ്യം കേട്ട അവൻ ഒരുനിമിഷം പകച്ചു നിന്നു. പിന്നെ എന്നോട് ചോദിച്ചു:

"സാബ് ഷോലെ സിനിമ കണ്ടിട്ടുണ്ടോ?"

ഷോലെ കണ്ടിട്ടുണ്ടെങ്കിലും എന്റെ ചോദ്യവുമായി യാതൊരു ബന്ധവുമില്ലാത്ത അവന്റെ മറുചോദ്യം എന്നെ ശുണ്ഠി പിടിപ്പിച്ചു. എങ്കിലും അവൻ പറയാനുദ്ദേശിക്കുന്ന ഏതോ കാര്യത്തിന്റെ മുഖവുരയായിരിക്കും അതെന്നോർത്ത ഞാൻ എന്തെങ്കിലും പ്രതികരിക്കും മുമ്പുതന്നെ അവൻ ആ കാര്യം വിവരിക്കാൻ തുടങ്ങി............

"ഷോലെയിലെ ധന്നോ എന്ന കുതിരയെപ്പോലെ കുറെയേറെ സിനിമകളിൽ അഭിനയിച്ചിട്ടുള്ള ഒരു താരമാണ് സാബ് എന്റെ ചാന്ദ്നിയും."

ഒരു കഥയുടെ ആമുഖമെന്നോണം അത്രയും പറഞ്ഞ അൽത്താഫ് ഒന്നു നിർത്തിയ ശേഷം റോഡിന്റെ അറ്റത്തേക്ക് ദൃഷ്ടികൾ പായിച്ചു.

അതു കേട്ടപ്പോൾ തന്നെ ചാന്ദ്നിയോടുള്ള എന്റെ ആരാധനയോടൊപ്പം ആ കഥ കേൾക്കാനുള്ള ജിജ്ഞാസയും വർധിച്ചു.

"ഒരു ദിവസം ഷൂട്ടിംഗിനിടയിൽ കല്ലിൽ തടഞ്ഞ് വീണ അവളുടെ വലതു മുൻകാലൊടിഞ്ഞു. അതോടെ സിനിമാരംഗത്തുനിന്നും അവൾ പുറംതള്ളപ്പെട്ടു. താരപരിവേഷം നഷ്ടപ്പെട്ട അവളിലൂടെയുള്ള വരുമാനം നിലച്ചപ്പോൾ അവളെ വളർത്തിയിരുന്ന ആൾ അവളെ ആട്ടിപ്പായിച്ചു. അതോടെ അനാഥയും വഴിയാധാരവുമായിത്തീർന്ന അവൾ വിശന്നുവലഞ്ഞ് തെരുവിലെ ഒരു മാലിന്യക്കൂനക്കടുത്ത് തളർന്നു കിടക്കുമ്പോൾ അതുവഴി എത്തിയ എന്റെ പിതാവ് അവളെ വീട്ടിൽ കൊണ്ടുവന്ന് ശുശ്രൂഷയും ചികിത്സയും നൽകി മുടന്തിയാണെങ്കിലും ഒരുവിധം നടക്കാൻ പരുവമാക്കി. ചാന്ദ്നിയെ ഞങ്ങൾ കുടുംബത്തിലെ ഒരംഗമായാണ് വളർത്തിയത്.

പക്ഷേ......."

വിതുമ്പിക്കരഞ്ഞുകൊണ്ടാണ് അൽത്താഫ് ആ കഥ പറഞ്ഞു തീർത്തത്.

സിനിമയിലെ സാഹസികരംഗങ്ങളിൽ പല സൂപ്പർതാരങ്ങളുടെയും പകരക്കാരൻ അല്ലെങ്കിൽ ഡ്യൂപ്പ് ആയി അഭിനയിച്ചിരുന്ന ആളാണ് അൽത്താഫിന്റെ പിതാവ് ദിലാവർഖാൻ. ഒരു സിനിമയുടെ ചിത്രീകരണവേളയിൽ നായികയെ തട്ടിക്കൊണ്ടുപോകുന്ന ഗുണ്ടാസംഘത്തിന്റെ ജീപ്പിലേക്ക് ബൈക്കിൽനിന്നെടുത്തു ചാടുന്ന നായകന്റെ ഡ്യൂപ്പ് ആയി അഭിനയിക്കുമ്പോഴുണ്ടായ

അപകടത്തിൽ മുട്ടിനു താഴെവെച്ച് ഇടതുകാൽ നഷ്ടപ്പെട്ടതോടെ ചാന്ദ്നിയെപ്പോലെതന്നെ ദിലാവർഖാനെയും സിനിമാക്കാർക്ക് വേണ്ടാതായി. അതോടെ ആ കുടുംബത്തിന്റെ ഉപജീവന മാർഗ്ഗവും മുട്ടി.

"എനിക്കൊരു ജോലിയായാൽ അവളെക്കൊണ്ടീ പണി ചെയ്യിക്കുന്നത് ഞാൻ നിർത്തും...... അതുവരെ ഞങ്ങൾക്ക് ജീവിക്കണ്ടേ സാബ്?"

അൽത്താഫിന്റെ ആ ചോദ്യത്തിനു മുന്നിൽ ഉത്തരം മുട്ടിയ ഞാൻ അവരെക്കുറിച്ചുള്ള ഫീച്ചറിന് ചേർന്ന ഒരു ശീർഷകം ആലോചിച്ചു നിൽക്കുമ്പോൾ സായിപ്പിന്റെ കരസ്പർശത്താൽ ശാപമോക്ഷം നേടിയിട്ടെന്നോണം വിജനമായ റോഡിന്റെ അങ്ങേ തലക്കൽനിന്നും സായിപ്പിനെയുംകൊണ്ട് കുതിച്ചുവരുന്ന ചാന്ദ്നിയുടെ വിദൂരദൃശ്യവും കുളമ്പടിയൊച്ചയും ഒരു വെള്ളിത്തിരയിലെന്നോണം തെളിഞ്ഞ് വികാസം പ്രാപിക്കുന്ന കാഴ്ച, എന്നെയും അൽത്താഫിനെയും ഒരുപോലെ വിസ്മയിപ്പിച്ചു. അവളുടെ ആ വരവിന്റെ വേഗതയിൽ ആളിപ്പടരുന്ന അഗ്നിനാളങ്ങൾപോലെ സായിപ്പിന്റെ ചെമ്പൻ തലമുടിയിഴകൾ പാറിപ്പറന്ന് നൃത്തം ചെയ്യുന്നുണ്ടായിരുന്നു. രാത്രിമേളയിലേക്കുള്ള സന്ദർശകരുടെ വരവ് അപ്പോഴും തുടർന്നുകൊണ്ടിരുന്നു.

----------------